**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3263** | **3.04.2013 ൽ മറുപടിയ്ക്ക്** |

**സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.വി. ശ്രേയാംസ് കുമാർ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിലെ സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) സാമൂഹ്യനീതി വകുപ്പിലെ സൈക്കോ സോഷ്യൽ സർവ്വീസ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്കൂളുകളും അംഗൻവാടികളും വഴി സാമൂഹികവും മാനസികവുമായ പിന്തുണ നൽകുക.<br>(2) ജീവിത സാഹചര്യങ്ങളിലും, ശൈലിയിലും അധിഷ്ഠിതമായ പരിശീലനത്തിലൂടെ കൗമാരക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കുക.<br>(3) കൗമാരപ്രായക്കാരായ കുട്ടികളുടെ വികാസത്തിന് ഉതകുന്ന തരത്തിൽ സമൂഹത്തിൽ സമന്വയമില്ലാതെ നിൽക്കുന്ന വിവിധ ഘടകങ്ങളെ കണ്ടെത്തി സമന്വയിപ്പിക്കുക.<br>(4) കുട്ടികളിൽ ശാരീരിക, മാനസിക, സാമൂഹിക, ആരോഗ്യ വികസനം സംബന്ധിച്ച ബോധവത്ക്കരണം വ്യാപിപ്പിക്കുക.<br>(5) കൗമാരക്കാരുടെ ലിംഗപരമായ പ്രശ്നങ്ങളെ അനുഭാവപൂർവ്വം കൈകാര്യം ചെയ്യുക. |
| (ബി) ഈ പ്രോഗ്രാം നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ കൺസപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി)നിലവിൽ സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന സൈക്കോ സോഷ്യൽ പ്രോഗ്രാം പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിലെ ഡയറ്റ്- അംഗങ്ങൾ വിശദമായ പഠനം നടത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കൺസപ്റ്റ് നോട്ട് തയ്യാറാക്കുകയും, ടി നോട്ട് സർക്കാർ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) പ്രസ്തുത പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ 500 സ്കൂളുകളിലാണ് ടി പ്രോഗ്രാം നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്